ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.02.2025**

## പ്രധാനവാർത്തകൾ

1). വയനാട് പുനരധിവാസത്തിനായുള്ള കേന്ദ്ര വായ്പാ വിനിയോഗം വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

2) മികച്ച പ്രകടനം കൈവരിച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ രാജ്യത്തിനാകെ മാതൃകയാണെന്ന് മന്ത്രി എം.ബി രാജേഷ്.

3) കൊയിലാണ്ടിയിൽ ക്ഷേത്രോത്സവത്തിനിടെ ആന ഇടഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേവസ്വം മന്ത്രി വി.എൻ വാസവൻ നഷ്ടപരിഹാരം കൈമാറി.

4) വയനാട് - മാനന്തവാടി കമ്പമലയിൽ വൻ കാട്ടുതീ. തീയണയ്ക്കാനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിൽ.

5) തോമസ് കെ. തോമസ് എൻ.സി.പി സംസ്ഥാന അധ്യക്ഷനാകും.

6) രഞ്ജി ട്രോഫി സെമി ഫൈനൽ ആദ്യ ദിനത്തിൽ ഗുജറാത്തിനെതിരെ കേരളം നാല് വിക്കറ്റിന് 206 റൺസ് എന്ന നിലയിൽ.

****************************************

RNU TVPM

**<u>വയനാട് യോഗം മുഖ്യമന്ത്രി</u>**

വയനാട് ഉരുൾപൊട്ടൽ പുനരധിവാസവുമായി ബന്ധപ്പെട്ട, കേന്ദ്ര വായ്പാ വിനിയോഗം വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. റവന്യൂ മന്ത്രി കെ രാജൻ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പുനരധിവാസത്തിനുള്ള 16 പദ്ധതികൾക്കായി കേന്ദ്രം കഴിഞ്ഞ ദിവസം 530 കോടി രൂപയുടെ പലിശരഹിത വായ്പ അനുവദിച്ചിരുന്നു. തുക മാർച്ച് 31 നകം വിനിയോഗിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രായോഗികമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാം എന്നാണ് യോഗം ചർച്ച ചെയ്യുന്നത്.

PNU TVPM

***************************************

**<u>സ്വരാജ് ട്രോഫി- (ഇൻട്രോ)</u>**

മികച്ച പ്രകടനം കൈവരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിൻറെ സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ മന്ത്രി എം ബി രാജേഷ് പ്രഖ്യാപിച്ചു. മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം കോട്ടയം ജില്ലയിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്ത് നേടി. തിരുവനന്തപുരം ഉഴമലക്കൽ ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനവും തൃശ്ശൂർ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് മൂന്നാം സ്ഥാനവും നേടി. മികച്ച നഗരസഭയായി ഗുരുവായൂർ നഗരസഭയെ തിരഞ്ഞെടുത്തു. തൃശ്ശൂരിലെ വടക്കാഞ്ചേരി നഗരസഭ രണ്ടാംസ്ഥാനവും കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭ മൂന്നാം സ്ഥാനവും നേടി. തിരുവനന്തപുരം ആണ് മികച്ച മുൻസിപ്പൽ കോർപ്പറേഷൻ. കൊല്ലം മികച്ച ജില്ലാ പഞ്ചായത്തും,

പെരുമ്പടപ്പ് മികച്ച ബ്ലോക്ക് പഞ്ചായത്തുമായി തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ രാജ്യത്തിനാകെ മാതൃകയാണെന്ന് മന്ത്രി പറഞ്ഞു.

**(ഹോൾഡ്............)**

തൃശൂരിൽ നാളെയാരംഭിക്കുന്ന രണ്ട് ദിവസത്തെ തദ്ദേശ ദിനാഘോഷങ്ങളിൽ പുരസ്കാരം വിതരണം ചെയ്യും. സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാരും സെക്രട്ടറിമാരും പരിപാടിയിൽ പങ്കെടുക്കും.

*************************************

**<u>കൊയിലാണ്ടി</u>**

കൊയിലാണ്ടി മണക്കുളങ്ങര ക്ഷേത്രത്തിൽ ഉത്സവത്തിനിടെ ആന ഇടഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേവസ്വം മന്ത്രി വി എൻ വാസവൻ അഞ്ച് ലക്ഷം രൂപ വീതം കൈമാറി. ഇത്തരത്തിലുള്ള അനിഷ്ട സംഭവങ്ങൾ ആവർത്തിക്കപ്പെടാ തിരിക്കാൻ വേണ്ട തീരുമാനമെടുക്കുമെന്നും സംഭവസ്ഥലം സന്ദർശിച്ച ശേഷം മന്ത്രി പറഞ്ഞു. ക്ഷേത്ര കമ്മിറ്റി ഭാരവാഹികളുമായും ജനപ്രതിനിധികളുമായും മന്ത്രി സംസാരിച്ചു.

*************************************

**<u>മരാമത്ത് പണി - നിരക്ക്</u>**

മരാമത്ത് പ്രവർത്തികളുടെ അടങ്കൽ തയ്യാറാക്കുന്നതിനുള്ള ഡിഎസ്ആർ നിരക്ക് കാലികമാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അടുത്ത ഏപ്രിൽ ഒന്നുമുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുമെന്ന് ധന മന്ത്രി കെ എൻ ബാലഗോപാൽ വ്യക്തമാക്കി. കേന്ദ്ര സർക്കാർ പുതുക്കി വിജ്ഞാപനം ചെയ്ത ഡിഎസ്ആർ 2021 പ്രകാരമുള്ള നിരക്കാണ് സ്വീകരിക്കുന്നത്.

RNU TVPM

***************************************

**വയനാട് - കാട്ടുതീ ഇൻട്രോ**

വയനാട് - മാനന്തവാടി കമ്പമലയിൽ വൻ കാട്ടുതീ. മലയുടെ ഒരു ഭാഗം പൂർണ്ണമായും കത്തിനശിച്ചു. തച്ചറക്കോല്ലി മലകളിലേക്ക് തീ വ്യാപിച്ചത് ആശങ്കയ്ക്കിടയാക്കി. തീ നിയന്ത്രണ വിധേയമായതായും, അണയ്ക്കുന്നതിനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിലാണെന്നും അധികൃതർ അറിയിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി***
***വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.***

**(ഹോൾഡ്..........)**

***************************************

RNUTVPM

**തോമസ് കെ തോമസ്**

തോമസ് കെ. തോമസ് എൻ.സി.പി സംസ്ഥാന അധ്യക്ഷനാകും. എൻ സി പി ദേശീയ അധ്യക്ഷൻ ശരദ് പവാറിൻറെ നേതൃത്വത്തിൽ മുംബൈയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. ഔദ്യോഗിക പ്രഖ്യാപനം പിന്നീട് ഉണ്ടാകും. പി സി ചാക്കോ പാർട്ടി സംസ്ഥാന അധ്യക്ഷ സ്ഥാനം രാജി വച്ച സാഹചര്യത്തിലാണ് തോമസ് കെ തോമസിനെ അധ്യക്ഷനായി തിരഞ്ഞെടുത്തത്. എ കെ ശശീന്ദ്രനും, പി സി ചാക്കോയും, തോമസ് കെ തോമസും ചർച്ചയിൽ പങ്കെടുത്തിരുന്നു.

***************************************

**ബ്രേക്ക്..........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

***************************************

## കുഫോസ്

കുഫോസിൻറെ പത്താമത് ബിരുദദാന ചടങ്ങ് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഉദ്ഘാടനം ചെയ്തു. മത്സ്യ-സമുദ്ര പഠനത്തിലൂടെ ലഭിക്കുന്ന അറിവ് സാമൂഹിക വികസനത്തിന് ഉതകുന്ന രീതിയിൽ ഉപയുക്തമാക്കണമെന്ന് ചാൻസിലർ കൂടിയായ ഗവർണർ അഭിപ്രായപ്പെട്ടു.

**************************************

## വനിതാ മാധ്യമ കോൺക്ലേവ്

രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന മാധ്യമ കോൺക്ലേവിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. പ്രമുഖ പത്രപ്രവർത്തകയായിരുന്ന എം ഹലീമാ ബീവിയെക്കുറിച്ച് പി.ആർ.ഡി തയ്യാറാക്കിയ ഹ്രസ്വചിത്രം മന്ത്രി വീണാ ജോർജ് ചടങ്ങിൽ പ്രകാശനം ചെയ്യും. രണ്ട് ദിവസത്തെ കോൺക്ലേവിൽ മാധ്യമ പ്രവർത്തകരും, അനുബന്ധ മേഖലയിലുള്ളവരും വിദ്യാർഥികളും പങ്കെടുക്കും.

RNU TVPM

**************************************

## കേന്ദ്രസഹമന്ത്രി വി സോമണ്ണ

കേന്ദ്ര ബജറ്റ് സംബന്ധിച്ച ആശയ വിനിമയ പരിപാടിയിൽ പങ്കെടുക്കുന്നതിനായി കേന്ദ്ര റെയിൽവേ - ജൽശക്തി സഹമന്ത്രി വി. സോമണ്ണ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുക്കും.

**************************************

**ചാലക്കുടി - കവർച്ച**

ചാലക്കുടി പോട്ട ബാങ്ക് കവർച്ച കേസ് പ്രതി റിജോ ആൻറണിയെ ബാങ്കിൽ എത്തിച്ച് തെളിവെടുപ്പ് നടത്തി. പ്രതിയെ വൈദ്യപരിശോധനയ്ക്ക് ശേഷം ഇന്ന് കോടതിയിൽ ഹാജരാക്കും. കവർച്ചാപ്പണം മുഴുവനായും പോലീസ് കണ്ടെടുത്തിട്ടുണ്ട്. മോഷണത്തിന് ഉപയോഗിച്ച കത്തിയും വസ്ത്രങ്ങളും പ്രതിയുടെ വീട്ടിൽ നിന്നും കണ്ടെത്തി.

***************************************

**പെരുനാട് കൊലപാതകം**

പത്തനംതിട്ട പെരുനാട് സിഐടിയു പ്രവർത്തകൻ ജിതിൻ്റെ കൊലപാതകവുമായി ബന്ധപ്പെട്ട് മുഴുവൻ പ്രതികളും അറസ്റ്റിൽ. മുഖ്യ പ്രതി വിഷ്ണു അടക്കം എട്ട് പ്രതികളെയാണ് പോലീസ് പിടികൂടിയത്. ഇന്നലെ രാത്രിയുണ്ടായ സംഘർഷത്തിലാണ് ജിതിന് കുത്തേറ്റത്.

***************************************

RNU TVPM

**വി. ഡി സതീശൻ**

വ്യാവസായിക വളർച്ച സംബന്ധിച്ച് സംസ്ഥാന സർക്കാർ പറയുന്നത് ഏച്ചുകെട്ടിയ കണക്കുകളാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. മൂന്ന് വർഷം കൊണ്ട് മൂന്ന് ലക്ഷം സംരംഭങ്ങൾ ആരംഭിച്ചെന്നത് തെറ്റായ കണക്കാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. എന്നാൽ കേരളം വ്യവസായ നിക്ഷേപത്തിന് ഏറ്റവും മികച്ച ഇടമാണ് എന്ന് പറയേണ്ട സന്ദർഭത്തിലാണ് പ്രതിപക്ഷ നേതാവിൻറെ ഇത്തരം പ്രസ്താവനയെന്ന് വ്യവസായ മന്ത്രി പി.രാജീവ് പ്രതികരിച്ചു. കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളം വളരണമെന്നാണ് ആഗ്രഹിക്കേണ്ടതെന്നും വ്യവസായ മന്ത്രി മറുപടി നൽകി.

***************************************

**<u>കെ.സുരേന്ദ്രൻ</u>**

കേരളത്തിൽ പ്രതിപക്ഷത്തിന് ദിശാബോധം നഷ്ടപ്പെട്ടതായി ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിലാണ് മുണ്ടക്കൈ -ചൂരൽമല പുനർനിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിക്ഷേപ മൂലധന വായ്പ അനുവദിച്ചത്. ഇത് കേന്ദ്ര അവഗണനയാണെന്ന് ആരോപിച്ച് എൽഡിഎഫിനൊപ്പം യോജിച്ച സമരം നടത്തുമെന്നാണ് കോൺഗ്രസ് നേതാക്കൾ പറയുന്നതെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

***************************************

**<u>യൂത്ത് കോൺഗ്രസ്</u>**

റാഗിങ്ങ് വിഷയത്തിൽ, കോട്ടയം ഗവൺമെന്റ് നഴ്സിങ് കോളേജിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ച് അക്രമാസക്തം. ഗേറ്റ് തകർത്ത് കോളേജ് വളപ്പിനുള്ളിൽ കയറാൻ ശ്രമിച്ച പ്രവർത്തകർക്ക് നേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. പിന്നീട് പ്രവർത്തകരെ പോലിസ് അറസ്റ്റ് ചെയ്ത് നീക്കി.

RNU TVPM

***************************************

**<u>രഞ്ജി ട്രോഫി</u>**

രഞ്ജി ട്രോഫി സെമി ഫൈനലിൽ ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഗുജറാത്തിനെതിരെ കേരളം നാല് വിക്കറ്റ് നഷ്ടത്തിൽ 206 റൺസ് എന്ന നിലയിൽ. ക്യാപ്റ്റൻ സച്ചിൻ ബേബിയും വിക്കറ്റ് കീപ്പർ മുഹമ്മദ്

അസറുദ്ദീനുമാണ് ക്രീസിൽ. ടോസ് നേടിയ കേരളം ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. അഹമ്മദാബാദിൽ നടക്കുന്ന മത്സരം നാളെ രാവിലെ 9.30-ന് പുനരാരംഭിക്കും.

**************************************

## ഐ ലീഗ്

ഐ ലീഗ് ഫുട്ബോളിൽ തുടർച്ചയായ തോൽവികൾക്ക് ശേഷം ആശ്വാസ ജയം തേടി ഗോകുലം കേരള ഇന്നിറങ്ങും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴിന് നടക്കുന്ന മത്സരത്തിൽ ഡൽഹി എഫ്.സി യെയാണ് ഗോകുലം നേരിടുക. പോയിൻറ് പട്ടികയിൽ ഗോകുലം ഏഴാം സ്ഥാനത്തും ഡൽഹി പതിനൊന്നാം സ്ഥാനത്തുമാണ്.

PNU TVPM

**************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 58 പോയിൻറ് നേട്ടത്തിൽ 75,997-ലും, നിഫ്റ്റി 30 പോയിന്റ് നേട്ടത്തിൽ 22,959- ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ വർദ്ധന. പവന് 400 രൂപ വർദ്ധിച്ച് 63,520 രൂപയും ഗ്രാമിന് 50 രൂപ വർദ്ധിച്ച് 7,940 രൂപയുമാണ് ഇന്നത്തെ വില.

**************************************

*************************************

*********************